**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **03.02.2020-ൽ മറുപടിക്ക്**

**നമ്പർ.75**

<u>എൽ.പി., യു.പി. അദ്ധ്യാപക നിയമനം</u>

ചോദ്യം

**ശ്രീ.പി.ഉബൈദുള്ള**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | എൽ.പി., യു.പി. അദ്ധ്യാപക നിയമനത്തിനായുള്ള പി.എസ്.സി.യുടെ 31.12.2019 -ലെ വിജ്ഞാപനത്തിൽ കെ-ടെറ്റ് പാസ്സാകണമെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (എ) | ഉണ്ട്. |
| (ബി) | ഈ നിബന്ധന ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 30.08.2016 ലെ G.O.(P) No.145/16/G.Edn പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക തസ്തികകളിൽ നിയമനത്തിന് KTET നിർബന്ധയോഗ്യതയാക്കി ഉത്തരവായതിനെ തുടർന്നാണ് 27.03.2017 മുതൽ പുറപ്പെടുവിക്കുന്ന എല്ലാ അദ്ധ്യാപക തസ്തികകളുടെയും തെരഞ്ഞെടുപ്പിന് വിജ്ഞാപനത്തിൽ KTET യോഗ്യതകൂടി ഉൾപ്പെടുത്തുന്നതിന് കേരളപബ്ളിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | സർവ്വീസിലുള്ളവർക്ക് കെ-ടെറ്റ്പരീക്ഷ പാസാകാൻ ഇളവ് അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ വർഷത്തെ പി.എസ്.സി. വിജ്ഞാപന പ്രകാരം അപേക്ഷിക്കുന്നതിനും ഇളവ് അനുവദിക്കുന്ന കാര്യത്തിൽ അനുഭാവപൂർവ്വം നടപടി സ്വീകരിച്ച് ഉത്തരവ് നൽകുമോ എന്ന് അറിയിക്കാമോ? | (സി) | പൊതുവിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപക തസ്തികകളിൽ നേരിട്ട് നിയമനത്തിന് അപേക്ഷിക്കുന്നവർക്ക് KTET യോഗ്യതയിൽ ഇളവ് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയതിനാൽ വിജ്ഞാപനത്തിൽ ഇളവ് അനുവദിക്കുവാൻ പി.എസ്.സിക്ക് നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ